(ബി) സംസ്ഥാനത്ത് ഓലഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്കൂൾ കെട്ടിടങ്ങളും അടുത്ത അദ്ധ്യയന വർഷാരംഭത്തിന് മുമ്പ് (2005-06) സ്ഥിരം/അർദ്ധ സ്ഥിരം കെട്ടിടങ്ങളാക്കി മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നായർകുഴി ജി.എച്ച്.എസ്.-ലെ പി.ടി.എ.-യുടെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) നായർകുഴി ഗവ. ഹൈസ്കൂളിൽ നാല് ഓലഷെഡ്ഡ് ക്ലാസ്റൂമിന് പകരം എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് നാല് ക്ലാസ്സ് മുറികളും, എം.പി. ഫണ്ട് ഉപയോഗിച്ച് രണ്ട് ക്ലാസ് മുറികളും ഉൾപ്പെടെ ആറ് ക്ലാസ് മുറികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ജില്ലാ പഞ്ചായത്ത് നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് ക്ലാസുമുറികൾ കൂടി നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവർത്തി ഉടൻ തുടങ്ങുന്നതാണ്.

(ഡി) 2005 ജൂൺ മാസത്തിന് മുമ്പ് മാറ്റി സ്ഥാപിക്കാൻ കഴിയുമെന്ന് കരുതുന്നു.

പാട്യം ഗോപാലൻ മെമ്മോറിയൽ സ്കൂളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം

37 [2254] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാട്യം ഗോപാലൻ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്കൂളിലെ ജീവനക്കാർ നൽകിയ നിവേദനത്തിൽ ഇതുവരെയായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ പ്രശ്നത്തിന് എന്നത്തേക്ക് പരിഹാരം കാണാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാട്യം ഗോപാലൻ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്കൂളിലെ ജീവനക്കാരെ സർക്കാർ സർവ്വീസിലേക്ക് ലയിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

2005-06 സാമ്പത്തിക വർഷം എയ്ഡഡ്/അൺ എയ്ഡഡ് സ്കൂൾ അനുവദിക്കാൻ നടപടി

38 [2255] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 സാമ്പത്തിക വർഷം എയ്ഡഡ്/അൺ എയ്ഡഡ്/സർക്കാർ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly